ശ്രീ. കെ. ജെ. ചാക്കോ: രണ്ടുവർഷം മുമ്പ് സ്ഥാപിച്ച ചങ്ങനാശ്ശേരിയിലെ ഫയർ സ്റ്റേഷൻ ഒരു വാടക കെട്ടിടത്തിലാണ് കിടക്കുന്നത്. എത്രയും വേഗം അവിടെ എടുത്തിരിക്കുന്ന സ്ഥലത്ത് കെട്ടിടം പണിത് അങ്ങോട്ട് മാറാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഫയർ സ്റ്റേഷൻ ജനസംഖ്യക്ക് ആനുപാതികമായിട്ടല്ല സ്ഥാപിച്ചിട്ടുള്ളത്. ചില ജില്ലകളിൽ രണ്ടും മൂന്നും വീതമുണ്ട്. അതേ സമയത്ത് കൊല്ലംപോലുള്ള ജില്ലകളിൽ ഒരെണ്ണം മാത്രമേയുള്ളൂ. ജനസംഖ്യയുടെ അടിസ്ഥാനത്തിലാണെങ്കിലും ദൂരത്തിന്റെ അടിസ്ഥാനത്തിലാണെങ്കിലും കൊല്ലം പോലുള്ള ജില്ലകളിൽ കൂടുതൽ ഫയർ സ്റ്റേഷൻ അനുവദിച്ച് പ്രത്യേകിച്ച് അത് കൊട്ടാരക്കരയിൽ സ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: കൊട്ടാരക്കര ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കഴിയുമോ എന്നുള്ളത് ഇപ്പോൾ ഖണ്ഡിതമായി പറയാൻ കഴിയുകയില്ല. കൊല്ലം ജില്ലയിൽ ഇന്നുള്ളതിനെക്കാൾ കൂടുതൽ ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്.

വനിതാ വാർഡർമാർ

*729 [793] ശ്രീ. കല്ലട നാരായണൻ:
,, ത്യാഗരാജൻ:
,, എ. വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിൽ ഡിപ്പാർട്ടുമെന്റിൽ ആകെ എത്ര വനിതാ വാർഡർമാർ ഉണ്ട് എന്നു വ്യക്തമാക്കുമോ ;

(ബി) ഈ വനിതാ വാർഡർമാരിൽ വിവിധ സബ് ജയിലുകളിൽ നിരവധി വർഷങ്ങളായി ദിവസക്കൂലിക്ക് നിയമിച്ചിട്ടുള്ളവർ ആരെങ്കിലും ഉണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രപേർ; അവർ ഇങ്ങനെ എത്ര കൊല്ലമായി ജോലി ചെയ്യുന്നു;

(ഡി) ഇവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയാണോ തെരഞ്ഞെടുത്തിട്ടുള്ളത്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സംസ്ഥാനത്തിലെ മൂന്നു സെൻട്രൽ ജയിലുകളിലും ഏഴു ജില്ലാ ജയിലിലുമായി ആകെ 20 വനിതാ വാർഡർമാർ ഉണ്ട്.

(ബി,സി) സബ് ജയിലുകളിൽ സ്ഥിരം വനിതാ വാർഡർമാരുടെ ആവശ്യങ്ങൾ ഒന്നുമില്ല. ഈ ജയിലുകളിൽ സ്ത്രീത്തടവുകാരെ പാർപ്പിക്കേണ്ട സന്ദർഭങ്ങളിൽ ദിവസക്കൂലി നൽകി താൽക്കാലികാടിസ്ഥാനത്തിലാണ് വനിതാ വാർഡർമാരെ നിയമിക്കുക പതിവ്. വളരെ വർഷമായി

LIBRARY ARCHIVES Kerala Legislative Assembly

അപ്രകാരം ഇടവിട്ടു നിയമിക്കപ്പെട്ടുവരുന്ന വനിതാ വാർഡർമാരുണ്ട്. അതുകൊണ്ട് താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്ന വനിതാ വാർഡർമാരുടെ അംഗസംഖ്യ നിശ്ചയിച്ചിട്ടില്ല. എങ്കിലും ഉദ്ദേശം 35 വനിതാ വാർഡർമാർ ദിവസക്കൂലി അടിസ്ഥാനത്തിൽ പലപ്പോഴായി നിയമിക്കപ്പെട്ടിട്ടുണ്ട്.

(ഡി) അല്ല.

ശ്രീ. കല്ലട നാരായണൻ: ജയിൽ ഡിപ്പാർട്ടുമെൻറിൽ വനിതാ വാർഡർമാരെ ആരാണ് തെരഞ്ഞെടുക്കുന്നത്?

ശ്രീ. കെ. എം. മാണി: ജയിൽ ഡിപ്പാർട്ടുമെൻറിൽ വനിതാ വാർഡർമാർ ഉണ്ട്. എന്നാൽ സബ് ജയിലിൽ ദിവസക്കൂലിക്കാണ് എടുക്കുന്നത്. അത് ഓരോ തടവുകാർ വരുമ്പോഴും കഴിഞ്ഞ കാലത്ത് സർവ്വീസിലിരുന്ന ആളുകളെ തന്നെയാണ് നിയമിക്കുന്നത്.

ശ്രീ. എസ്. ത്യാഗരാജൻ: സബ്ജയിലുകളിൽ വർഷങ്ങൾക്കുമുമ്പ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ വഴി ദിവസക്കൂലിക്കു നിയമിച്ച വനിതാ വാർഡർമാരുണ്ട്. 1972-ൽ ഗവൺമെൻറുതന്നെ ഒരു ഓർഡർ പുറപ്പെടുവിച്ചു. രണ്ടു വർഷം സേവനം നടത്തിയിട്ടുള്ള ഇത്തരം ആളുകളുണ്ടെങ്കിൽ അവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്ന്. വർഷങ്ങളായി സ്ഥിരമായി ജോലിചെയ്യുന്ന 240-ഓ അതിൽ കൂടുതലോ ദിവസങ്ങൾ ജോലി ചെയ്യുന്ന ആളുകളെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി: 1972-ലുള്ള ഉത്തരവ് ഇപ്പോൾ എൻെറ ഫയലിൽ കണ്ടില്ല. ഇതിനകത്ത് ഒരു കാരണമുള്ളത് ഇടയ്ക്കിടയ്ക്കു മാത്രമേ സ്ത്രീകളായിട്ടുള്ള തടവുകാർ ജയിലിൽ വരൂ. എപ്പോൾ വരുമെന്നു പറയാൻ ഒക്കുകയില്ല. ഒരാൾ വന്നാൽത്തന്നെ പത്തുപതിനഞ്ചു ദിവസം കഴിഞ്ഞാൽ റിലീസായിപ്പോകും. സ്ഥിരമായി സ്ത്രീ തടവുകാർ സബ്ജയിലിൽ ഇല്ലാത്തതുകൊണ്ട് സ്ഥിരമായ ഒരേർപ്പാട് സ്ത്രീ വാർഡർമാരെ സംബന്ധിച്ചിടത്തോളം ഇല്ല. ജയിലിൽ സ്ത്രീ തടവുകാർ വരുമ്പോൾ അപ്പപ്പോൾ തൽക്കാലത്തേക്ക് യുക്തമായ ആളുകളെ എടുക്കുകയാണ് ചെയ്യുന്നത്. അതാണ് നല്ല ഏർപ്പാട് എന്നാണ് അനുഭവത്തിൽനിന്നു മനസ്സിലാകുന്നത്. അതുകൊണ്ടാണ് ഈ നടപടി തുടർന്നു വരുന്നത്.

ശ്രീ. എസ്. ത്യാഗരാജൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു അപ്പപ്പോൾ നിയോഗിക്കുകയാണ് സ്ഥിരമായ ജോലി സൗകര്യം ഇല്ല എന്ന്. വസ്തുതകൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനു വിരുദ്ധമാണ്. വർഷത്തിൽ 300 ദിവസംവരെ ജോലി ചെയ്തിട്ടുള്ള വനിതാ വാർഡർമാരുണ്ട് എന്നുള്ളതു പരിഗണിച്ച് ആ കാര്യം ഒന്നു പുനഃപരിശോധിക്കുമോ ? അതോടൊപ്പംതന്നെ ഇപ്പോൾ പേ റിവിഷനും മറ്റും നടപ്പിലായ സാഹചര്യത്തിൽ ദിവസക്കൂലിക്കാർ എന്ന നിലയിൽ അവരുടെ ശമ്പളത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല എന്നുള്ളതുംകൂടി കണക്കിലെടുത്ത് ഇതൊന്ന് ഗവൺമെൻറ് പുനഃപരിശോധിക്കുമോ ?

ശ്രീ. കെ. എം. മാണി: ഇതിൽനിന്നും ശമ്പളത്തിലേക്കു കടന്നിട്ടു കാര്യമില്ല. ഏഴു രൂപവച്ച് ദിവസം കൊടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: ഒരു വർഷത്തിൽ കുറഞ്ഞത് 120 ദിവസമെങ്കിലും പണി ചെയ്തിട്ടുള്ള വനിതാ വാർഡർമാരെ സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി: സ്ഥിരമാക്കുന്നതിനെപ്പറ്റിയുള്ള പ്രായോഗിക ബുദ്ധിമുട്ടുകളാണ് ഞാൻ പറഞ്ഞത്. ഒരു വർഷത്തിൽ മുഴുവൻ ദിവസവും ജോലിയില്ല. വല്ലപ്പോഴുമേ സ്ത്രീ തടവുകാർ വരികയുള്ളൂ സബ്ജയിലിൽ. അതിനുവേണ്ടി മുമ്പേതന്നെ സ്ഥിരമായി കുറെ ആളുകളെ അപ്പോയിന്റു ചെയ്തു വയ്ക്കണമോ വേണ്ടയോ എന്നത് ഒരു നയപരമായ പ്രശ്നമാണ്. ഗവൺമെന്റ് അതിനെക്കുറിച്ചു പരിശോധിക്കാം. ഇപ്പോഴുള്ള ഏർപ്പാട് ദിവസ ശമ്പളത്തിനാണ് ആളുകളെ എടുത്തുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ: വനിതാ വാർഡർമാരെ നിയമിക്കുമ്പോൾ അവർക്കു വച്ചിരിക്കുന്ന അടിസ്ഥാനപരമായ യോഗ്യതകൾ എന്താണെന്നു വ്യക്തമാക്കുമോ ?

ശ്രീ. കെ. എം. മാണി: അടിസ്ഥാനപരമായ യോഗ്യതകൾ എന്നു പറയുന്നത് ജയിലിൽ കിടക്കുന്ന സ്ത്രീ തടവുകാരെ കുളിപ്പിക്കുക, അവരെ വെളിയിൽ കൊണ്ടുപോവുക, തിരിച്ചുകൊണ്ടുവരുക, ആഹാരം കൊടുക്കുക മുതലായവ ചെയ്യണം. പിന്നെ ഭേദ്യമായ പെരുമാറ്റം, സ്വഭാവശുദ്ധി, ജോലി ചെയ്യുന്നതിനുള്ള കഴിവ് ഇങ്ങനെയുള്ളവരെ നോക്കി തിരഞ്ഞെടുക്കും.

ശ്രീ. പി. സി. ജോസഫ്; പലപ്പോഴും സ്ഥിരമായി തടവുകാർ ഇല്ലാത്തതുകൊണ്ടാണ് സ്ഥിരമായി ജോലിക്കാരെ വയ്ക്കാൻ ബുദ്ധിമുട്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ സംസ്ഥാനതലത്തിൽ സ്ഥിരമായി ഏതാനും വാർഡർമാരെ എടുക്കുകയും ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് ആവശ്യമുള്ള സമയത്ത് അവരെ നിയോഗിക്കുകയും ചെയ്യുന്നതിന് ദയവുണ്ടാകുമോ ?

ശ്രീ. കെ. എം. മണി: ഈ കാര്യങ്ങൾ പരിശോധിക്കുവരുന്നതാണ്. എന്തായാലും ഈ കാര്യങ്ങളെ സംബന്ധിച്ച് ലേബർ ഡിപ്പാർട്ടുമെന്റുമായി കറസ്പോണ്ടൻസിൽ ഇരിക്കുകയാണ്. അങ്ങനെ ഒരു ഫയൽ ഉണ്ട്, അതിനെക്കുറിച്ച് പരിശോധിക്കാവുന്നതാണ്. ഇപ്പോഴത്തെ നിലപാടാണ് ഞാൻ പറഞ്ഞത്.

Linguistic minorities in various High Level Committees

*730 [794] **Shri M. Ramappa**: Will the Chief Minister be pleased to state:

(a) whether there is any Committee at least at the District level, like the R. T. A. were lingustic minorities are given representation as per Government order;

(b) if so which are they and who are the representatives?

LIBRARY ARCHIVES Kerala Legislative Assembly